പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3906

15-05-2017 ലെ മറുപടി

## അടുത്ത വേനൽക്കാലത്തെ നേരിടാൻ കർമ്മപരിപാടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | മാത്യൂ.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | അടുത്ത വേനൽക്കാലത്ത് അതിരൂക്ഷമായ വരൾച്ച പോലുള്ള അവസ്ഥ ഉണ്ടാകാതിരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ; | (എ) | വേനൽക്കാലത്ത് അതിരൂക്ഷമായ വരൾച്ച പോലുള്ള അവസ്ഥ ഉണ്ടാകാതിരിക്കുന്നതിനായി നദികളിലും മറ്റ് ഉപരിതല ഭൂഗർഭ ജല സ്രോതസ്സുകളിലും ജലലഭ്യത ഉറപ്പാക്കാൻ സ്ഥിരം തടയണകൾ, റെഗുലേറ്റർ കം ബ്രിഡ്ജ് തുടങ്ങിയവ നിർമ്മിക്കുകയും നീർത്തടാധിഷ്ഠിതമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി കുളങ്ങളും തോടുകളും സംരക്ഷിച്ച് ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്നതരത്തിൽ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചു വരുന്നു. ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളായി നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതുമായ തടയണകൾ, വെന്റഡ് ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.<br>മഴവെള്ള സംരക്ഷണത്തിലൂടെ കിണറുകൾ, കുളങ്ങൾ ഉൾപ്പെടെയുള്ള സ്രോതസ്സുകൾ സമ്പുഷ്ടമാക്കാനുള്ള പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ നടത്തുന്നുണ്ട്. സംസ്ഥാനത്ത് ഭൂജല വകുപ്പ്, ഭൂജല സംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിലൂടെ ഭൂജല സ്രോതസ്സുകൾ പരിപോഷിപ്പിക്കുന്നതിന് കൃത്രിമ മാർഗ്ഗങ്ങളിലൂടെ ഭൂജല സംപോഷണം നടപ്പാക്കി വരുന്നു. ഭൂജലവിതാനം കുറഞ്ഞ സ്ഥലങ്ങളിൽ മഴവെള്ള സംഭരണം നടത്തി ഭൂജലവിതാനം ഉയർത്തുകയും അതിലൂടെ ഭൂജല ശേഖരം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. തടയണകൾ അടിയണകൾ എന്നിവയുടെ നിർമ്മാണം, തുറന്ന കിണറുകൾ കുഴൽ കിണറുകൾ വഴിയുള്ള സംപോഷണം എന്നീ ശാസ്ത്രീയമാർഗ്ഗങ്ങൾ ഭൂജലവകുപ്പ് ഇതിനായി അവലംബിച്ചു വരുന്നു.<br>ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ 2, 3 ബാച്ചുകളിലെ ഗ്രാമപഞ്ചായത്തുകളിലായി പൂർത്തീകരിക്കാനുള്ള പദ്ധതികളും മറ്റു മൾട്ടി ജി പി പദ്ധതികളും പൂർത്തീകരിക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ജില്ല തിരിച്ചുള്ള കർമ്മപരിപാടിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ? | (ബി) | വിവിധ ജില്ലകളിലെ ആവശ്യകത പരിഗണിച്ചും സംസ്ഥാനഫണ്ടിന്റെ ലഭ്യതയനുസരിച്ചുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. അതിനാൽ ജില്ല തിരിച്ചുള്ള കർമ്മപരിപാടിക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനകം കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വച്ച് മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് വരൾച്ച സംബന്ധിച്ച് വിശദമായ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**